# കാർഷികകാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Alp-09/2025** *തിരുവോണം ഞാറ്റുവേല* **തീയതി: 31.01.2025 മകരം 18**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (26/01/25- 30/01/25) | കാലാവസ്ഥ പ്രവചനം (01/01/25 - 05/02/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 37.0 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 19.2 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 47-നും 90നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 2-4 കിലോമീറ്റർ വരെയുമായിരുന്നു. കോട്ടയം ജില്ലയിൽ ഈ കാലയളവിൽ മഴ ലഭിച്ചില്ല. | കോട്ടയം ജില്ലയിൽ അടുത്ത അഞ്ചു ദിവസങ്ങളിൽ വരണ്ട കാലാവസ്ഥ പ്രതീക്ഷിക്കുന്നു. ഈ ആഴ്ച പരമാവധി താപനില 33.0$^0$C ഉം കുറഞ്ഞ താപനില 24.0$^0$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 53% നും 91% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 2 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | വേനൽ കനക്കാൻ സാദ്ധ്യത. സൂക്ഷ്മ ജലസേചന രീതികൾ പിന്തുടർന്ന് ലഭ്യമായ വെള്ളം കൂടുതൽ സ്ഥലത്തു കൂടുതൽ ദിവസം നനയ്ക്കാനുപയോഗിക്കാം. തുള്ളി നന പോലുള്ള സാങ്കേതിക വിദ്യകൾക്ക് പ്രാധാന്യം നൽകാം. ജലം നഷ്ടപ്പെടാതിരിക്കാൻ പുതയിട്ടു കൊടുക്കുക. |
| തെങ്ങ് | വളർച്ചാ ഘട്ടം | മച്ചിങ്ങയെ ബാധിക്കുന്ന കോറിഡ് ബഗ്ഗ് നു എതിരെ സ്‌പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. പരാഗണം നടക്കുന്ന പൂങ്കുലയിൽ കീടനാശിനി വീഴരുത് |
| വാഴ | വളർച്ചാ ഘട്ടം | നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക , ഡൈമെത്തോയേറ്റ് 30 EC തളിച്ചു കൊടുക്കാം, അല്ലെങ്കിൽ വാഴക്കുഴിയിൽ കാർബോസഫൻ 6G 20 ഗ്രാം ചേർത്ത കൊടുക്കാം. |
| ജാതി | വളർച്ചാ ഘട്ടം | നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ ഇലചുരുട്ടി പുഴുവിന്റെയും പച്ചത്തുള്ളന്റെയും ആക്രമണത്തിന്സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാൻ 3 ഗ്രാം തയാമെത്തോക്സാം 10 ലിറ്റർ വെള്ളത്തിൽ തളിക്കുക. |
| നെല്ല് | വളർച്ചാ ഘട്ടം | വെള്ളം ലഭ്യമായ പാടങ്ങളിൽ വേനൽക്കാല പച്ചക്കറി കൃഷികൾ ചെയ്യാവുന്നതാണ്. |
| പയർ | വളർച്ചാ ഘട്ടം | നിലവിലുള്ള അന്തതീക്ഷ സാഹചര്യത്തിൽ പച്ചക്കറികളിൽ നീര് വലിച്ചുകുടിക്കുന്ന കീടങ്ങളുടെ ആക്രമണത്തിന് സാധ്യതയുണ്ട്. 25 മില്ലി വേപ്പെണ്ണ 1 ലിറ്റർ വെള്ളത്തിൽ തയ്യാറാക്കിയ ലായനിയിൽ ബാർ സോപ്പ് ചേർത്ത് ചെടികളിൽ തളിച്ച് കൊടുക്കാവുന്നതാണ്. |